നം.സി3/11105/റ്റി.സി/2011

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
ട്രാൻസ് ടവേഴ്സ് , തിരുവനന്തപുരം,
തീയതി 21/06/2011

പ്രേഷിതൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

സർ,

വിഷയം :- മോട്ടോർ വാഹന വകുപ്പ് - വാഹനങ്ങളുടെ രജിസ്ട്രേഷൻ സമയത്ത് അപ്രൂവൽ സർട്ടിഫിക്കറ്റ് - ഹാജരാക്കുന്നതുമായി ബന്ധപ്പെട്ട്

1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിൽ ചട്ടം 126 പ്രകാരം, വാഹന നിർമ്മാതാവ് തങ്ങൾ നിർമ്മിക്കുന്ന ഓരോ വാഹനത്തിനും *ARAI, VR & DE, i CAT* ഉടങ്ങിയ ഇന്ത്യയിലെ ഏതെങ്കിലും ഒരു അംഗീകൃത ടെസ്റ്റിംഗ് ഏജൻസിയിൽ നിന്നും പ്രോട്ടോ ടൈപ്പ് അപ്രൂവൽ വാങ്ങേണ്ടതാണ്. വാഹനം രജിസ്റ്റർ ചെയ്യുന്ന സമയത്ത് പ്രസ്തുത വാഹനത്തിന് പ്രോട്ടോ ടൈപ്പ് അപ്രൂവൽ വാങ്ങിയിട്ടുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടത് രജിസ്റ്ററിംഗ്/ അഡീഷണൽ രജിസ്റ്ററിംഗ്//അസിസ്റ്റന്റ് രജിസ്റ്ററിംഗ് അതോറിറ്റി ആണ്. ഓരോ തരം വാഹനങ്ങൾക്കും വാഹന നിർമ്മാതാവ്/അംഗീകൃത ഡീലർ കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള ടെസ്റ്റിംഗ് ഏജൻസിയുടെ അപ്രൂവൽ സർട്ടിഫിക്കറ്റ് ഹെഡ് ഓഫീസിൽ സമർപ്പിക്കുമ്പോൾ പ്രസ്തുത വിവരവും അപ്രൂവൽ സർട്ടിഫിക്കറ്റിന്റെ അത്യാവശ്യം വേണ്ട പേജുകളും [ഓരോ വർഷവും നിർമ്മിക്കുന്ന വാഹനങ്ങളുടെ ചേസിസ് നമ്പറും മാസവും വർഷവും ഉൾപ്പെടെ] ഇ-മെയിൽ സന്ദേശം വഴി എല്ലാ ഓഫീസിലേക്കും അയയ്ക്കുന്നുണ്ട്. മാത്രമല്ല, പുതിയതരം വാഹനങ്ങളുടെ വിശദാംശങ്ങൾ വകുപ്പിന്റെ സോഫ്റ്റ് വെയർ ആയ *SMART MOVE* -ലും *update* ചെയ്യാറുണ്ട്. ഇ-മെയിൽ സന്ദേശം ലഭിക്കുന്ന മുറയ്ക്ക് അപ്രൂവൽ സർട്ടിഫിക്കറ്റ് ഓരോ ഓഫീസിലും അതിനായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥൻ പ്രിന്റ് എടുത്ത് സൂക്ഷിക്കേണ്ടതും ആവശ്യം വരുമ്പോൾ വാഹനം പരിശോധിക്കേണ്ട ഉദ്യോഗസ്ഥർ ഇതുംകൂടി പരിശോധിച്ച് വാഹനത്തിന് അപ്രൂവൽ ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. എന്നാൽ പല ഓഫീസുകളിലും ഇത് പാലിക്കപ്പെടുന്നില്ല. മാത്രമല്ല, വാഹന രജിസ്ട്രേഷൻ സമയത്ത് അപ്രൂവൽ സർട്ടിഫിക്കറ്റും കൂടി ഹാജരാക്കിയാൽ മാത്രമേ വാഹനം രജിസ്റ്റർ ചെയ്യുന്നുള്ളൂ എന്നുള്ള ധാരാളം

പരാതികൾ ലഭിക്കുന്നുണ്ട്. ഇത് കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിലെ ചട്ടം 47-ന്റെ ലംഘനമാണ്. ആയതിനാൽ വാഹന രജിസ്ട്രേഷൻ സമയത്ത് താഴെ പറയുന്ന കാര്യങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

1. രജിസ്ട്രേഷന് കൊണ്ടു വരുന്ന വാഹനങ്ങൾക്ക് അപ്രൂവൽ ലഭിച്ചിട്ടുണ്ടോയെന്ന് അപ്രൂവൽ സംബന്ധിച്ച് കാലാകാലങ്ങളിൽ ഹെഡ് ഓഫീസിൽ നിന്നും നൽകിയിട്ടുള്ള ഇ-മെയിൽ സന്ദേശങ്ങളുടെ പ്രിന്റ് ഔട്ട് പരിശോധിച്ചോ വകുപ്പിന്റെയോ ബന്ധപ്പെട്ട ടെസ്റ്റിംഗ് ഏജൻസിയുടെയോ വെബ് സൈറ്റ് പരിശോധിച്ചോ ഉറപ്പ് വരുത്തേണ്ടതാണ്. കേന്ദ്രസർക്കാർ ഏജൻസികളുടെ അപ്രൂവൽ ഇല്ലാത്ത വാഹനങ്ങൾ രജിസ്റ്റർ ചെയ്ത് നൽകുവാൻ പാടില്ലാത്തതാകുന്നു.
2. ട്രാൻസ്പോർട്ട് വാഹനങ്ങൾ (വലിയ വാഹനങ്ങൾ) രജിസ്റ്റർ ചെയ്യുവാൻ ഹാജരാക്കുമ്പോൾ അപ്രൂവൽ സർട്ടിഫിക്കറ്റിന്റെ മുഴുവൻ സെറ്റും ആവശ്യമാണെങ്കിൽ മാത്രം അവ ഹാജരാക്കുവാൻ നിർദ്ദേശം നൽകാവുന്നതാണ്. എന്നാൽ ഇത്തരത്തിൽ അപ്രൂവൽ സർട്ടിഫിക്കറ്റുമായി വാഹനം വീണ്ടും ഹാജരാക്കുവാൻ ആവശ്യപ്പെടുമ്പോൾ വാഹനത്തിന്റെ ടെമ്പററി രജിസ്ട്രേഷൻ തീരുന്നതിനുമുമ്പായി വാഹനം രജിസ്റ്റർ ചെയ്ത് നൽകേണ്ടതാണ്. അപ്രൂവൽ സർട്ടിഫിക്കറ്റ് ഇല്ലാത്തതിന്റെ പേരിൽ വാഹന ഉടമ ഫൈൻ അടയ്ക്കേണ്ട സാഹചര്യം ഒഴിവാക്കേണ്ടതാണ്
3. ഒരു ഓഫീസിൽ ഒരേ തരത്തിലുള്ള അപ്രൂവൽ ഉള്ള വാഹനം മുമ്പ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ അതേ തരത്തിലുള്ള വാഹനം വീണ്ടും രജിസ്റ്റർ ചെയ്യുവാൻ അപ്രൂവൽ സർട്ടിഫിക്കറ്റ് ആവശ്യപ്പെടുവാൻ പാടുള്ളതല്ല.
4. വളരെ പഴക്കം ചെന്ന അംബാസഡർ കാറുകൾ പോലെയുള്ള വാഹനങ്ങൾ രജിസ്റ്റർ ചെയ്യുവാൻ വരുമ്പോൾ വളരെ വർഷങ്ങൾക്ക് മുമ്പ് എടുത്ത അപ്രൂവൽ സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ നിർദ്ദേശം നൽകുന്നത് അപേക്ഷകർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതിനാൽ അത്തരം നിർദ്ദേശങ്ങൾ ഒഴിവാക്കേണ്ടതാണ്.
5. ഏതെങ്കിലും കാരണവശാൽ വാഹനത്തിന് രജിസ്ട്രേഷൻ നൽകുന്നത് നിരസിക്കുകയാണെങ്കിൽ അതിനുള്ള കാരണം വ്യക്തമായി ഫോം-20-ൽ രേഖപ്പെടുത്തിയിരിക്കണം.
6. വാഹനങ്ങളുടെ വർഷം തിരിച്ചുള്ള *Cut off chassis Numbers* ഓരോ വാഹനത്തിന്റേയും അപ്രൂവലിനോടൊപ്പം രേഖപ്പെടുത്തിയിട്ടുള്ളത് പരിശോധിച്ച്, നിർമ്മിച്ച

വർഷവും മാസവും ആർ.സി ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. ഇതിനായി ഹെഡ് ഓഫീസിൽ നിന്നും ഓരോ തരം വാഹനങ്ങൾക്കും പ്രത്യേകം ആയി അയയ്ക്കുന്ന *Cut off chassis Number*- ന്റെ വിശദാംശങ്ങൾക്കായി കാത്തിരിക്കേണ്ടതില്ല.

7. എൽ.പി.ജി. കിറ്റുകൾ സംബന്ധിച്ച് അപ്രൂവൽ സർട്ടിഫിക്കറ്റുകളുടെ കാലാവധി സാധാരണയായി 3 വർഷമാണ്. വാഹനങ്ങളിൽ എൽ.പി.ജി. കിറ്റുകൾ ഘടിപ്പിക്കുവാനുള്ള അപേക്ഷകൾ സമർപ്പിക്കുമ്പോൾ അപ്രൂവൽ സർട്ടിഫിക്കറ്റുകൾ പരിശോധിച്ച് സർട്ടിഫിക്കറ്റിന്റെ കാലാവധി ഉറപ്പ് വരുത്തേണ്ടതാണ്

വിശ്വസ്തതയോടെ
ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർ

അംഗീകാരത്തോടെ

23/6/2011

സീനിയർ സൂപ്രണ്ട്

2/6

എസ്.എച്ച്